(ബി) അനുബന്ധം 1† കാണുക

(സി)&(ഡി) യും അനുബന്ധം 2†

14 (2162) വ്യവസായസ്ഥാപനങ്ങളുടെ ഷെയറുകൾ ഡിസ് ഇൻവെസ്റ്റ്മെന്റ് നടത്തുവാൻ നടപടി

ശ്രീ. ബാബു ദാവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഗവൺമെന്റിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ ഷെയറുകൾ ഡിസ് ഇൻവെസ്റ്റ്മെന്റ് ചെയ്യാനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്. ഇതു സംബന്ധിച്ച് പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഡിസ് ഇൻവെസ്റ്റ്മെന്റ് നടത്തുവാൻ മുൻകാലങ്ങളിൽ തീരുമാനിക്കപ്പെട്ട സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വ്യവസായ സ്ഥാപനത്തെ ഡിസ് ഇൻവെസ്റ്റ്മെന്റ് ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾക്കും മറ്റും കൈമാറുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) ഡിസ് ഇൻവെസ്റ്റ്മെന്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് ലഭിച്ച അപേക്ഷകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഡിസ് ഇൻവെസ്റ്റ്മെന്റ് അനുസരിച്ച് സർക്കാരിന്റെ തീരുമാനം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)(ബി),(സി),(ഇ)&(എഫ്) സംസ്ഥാനഗവൺമെന്റിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഡിസ് ഇൻവെസ്റ്റ്ചെയ്യാൻ ഉദ്ദേശമില്ല.

15 (2163) കെ.എസ്.ഡി.പി. യുടെ സാമ്പത്തിക ബാദ്ധ്യത

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.)കടുത്ത സാമ്പത്തിക ബാദ്ധ്യതമൂലം പ്രതിസന്ധിയിലാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം XI (1,2)

†† അനുബന്ധം XI (2)

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ഡി.പി.ക്ക് എത്ര ഡിവിഷനുകളാണുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഓരോ ഡിവിഷനുകളിലും 1998-99 സാമ്പത്തിക വർഷത്തിൽ നഷ്ടം എത്രയായിരുന്നു; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) കമ്പനി ആധുനികവൽക്കരിക്കുവാൻ എന്തെങ്കിലും പദ്ധതി സർക്കാരിനു സമർപ്പിച്ചിരുന്നോ;

(ജി) ഇതിൻമേൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) കെ.എസ്.ഡി.പി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി)കെ.എസ്.ഡി.പി.ക്ക് രണ്ടു ഡിവിഷനുകളാണുള്ളത്. അടിസ്ഥാന അലോപ്പതിക്ക് ഔഷധങ്ങൾ നിർമ്മിക്കുന്ന ഫോർമുലേഷൻ ഡിവിഷനും വൈറ്റമിൻ 'എ' അടിസ്ഥാനമാക്കിയുള്ള വെറ്ററിനറി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വൈറ്റമിൻ "എ" ഡിവിഷനും.

(ഇ) താൽക്കാലിക കണക്കുകൾ പ്രകാരം ഫോർമുലേഷൻ ഡിവിഷന് 1998-99 സാമ്പത്തിക വർഷം 241 ലക്ഷം രൂപയുടെ നഷ്ടവും വൈറ്റമിൻ 'എ'ഡിവിഷന് 98-99 സാമ്പത്തിക വർഷം 337 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്.

(എഫ്) സമർപ്പിച്ചിരുന്നു.

(ജി) കെ.എസ്.ഡി.പി.യെ യു.എൻ.ഡി.പി. പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ യു.എൻ.ഡി.പി. ടീമിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് പ്രസ്തുത പദ്ധതി നൽകിയിരിക്കുകയാണെങ്കിലും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഫോർമുലേഷൻ ഡിവിഷന് 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനം ഇനത്തിൽ വൈറ്റമിൻ (എ) ഡിവിഷന് 100 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(എച്ച്) റിയാബ് മുഖാന്തിരം കെ.എസ്.ഡി.പി.യെ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യു.എൻ.ഡി.പി.യുടെ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ ഉപദേഷ്ടാക്കൾ പഠിച്ചു വരികയാണ്. 2000-2001 വർഷത്തെ മരുന്ന് സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡർ ഗവൺമെന്റ് നൽകിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലിനെക്കൊണ്ട് വർക്ക് സ്റ്റഡി സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയതിന്റെ അടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തിൽ കമ്പനിയിലെ വർക്ക് നോംസ് ഏപ്രിൽ 1 മുതൽ വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി ധാരണയിലായി.

16 (2164) പൂട്ടിക്കിടക്കുന്ന ചെറുകിട വ്യവസായങ്ങൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ചെറുകിട വ്യവസായങ്ങൾ പൂട്ടിക്കിടപ്പുണ്ട്;

(ബി) വ്യവസായം നടത്തുന്നതിന് വായ്പയെടുത്ത തുക തിരിച്ച് നൽകുവാൻ കഴിവില്ലാത്തതിന്റെ പേരിൽ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങളെ രക്ഷിക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇപ്പോൾ നിലവിലില്ല.

(സി) ബാധകമല്ല.

17 (2165) ചെറുകിട റൈസ് ആന്റ് ഫ്ളവർ മില്ലുകൾ

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട റൈസ് ആന്റ് ഫ്ളവർ മില്ലുകൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഫ്ളവർ മില്ലുകൾക്ക് ഇന്ന് ഏതെങ്കിലും തരത്തിലുള്ള രജിസ്ട്രേഷൻ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഫ്ളവർ മില്ലുകൾക്ക് ഏതെങ്കിലും തരത്തിലുള്ള സൗജന്യങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എന്തൊക്കെ സൗജന്യങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കുമോ;

(സി) റൈസ് ആന്റ് ഫ്ളവർ മില്ലുകൾക്ക് വൈദ്യുതി ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ടാക്കുമോ;

(ഡി) റൈസ് ആന്റ് ഫ്ളവർ മില്ലുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 31-6-96 വരെ 1050 റൈസ് ആന്റ് ഫ്ളവർ മില്ലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയ്ക്ക് എസ്.എസ്.ഐ.രജിസ്ട്രേഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly